# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ.18 (a)/2024** **തിരുവനന്തപുരം, തീയതി: 23/01/2024**

## പത്രക്കുറിപ്പ്

**കേരളസർവകലാശാല വിവിധ പഠന വകുപ്പുകളുടെ പുതിയ കെട്ടിടങ്ങൾ, ലബോറട്ടറി എന്നിവയുടെ ഉദ്ഘാടനം 2024 ജനുവരി 24 ന് വൈകുന്നേരം 3.30 ന് കാര്യവട്ടം ക്യാമ്പസിൽ ബഹു.ഉന്നത വിദ്യാഭ്യാസ–സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു നിർവഹിക്കുന്നു**

അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ രാജ്യത്തെ പ്രധാന സർവകലാശാലകളുടെ നിരയിലേക്ക് കേരളത്തിലെ മാതൃസർവകലാശാല മാറുകയാണ്. NAAC അക്രെഡിറ്റേഷനിൽ A++ ഉം NIRF റാങ്കിങ്ങിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനവും കേരളസർവകലാശാലക്കാണ്. ഗ്രേഡിങ്ങും റാങ്കിങ്ങും ഉയർന്നതാകുമ്പോഴും സാധാരണക്കാരായ വിദ്യാർഥികളുടെ മികവിനെ ഏറ്റവും കുറഞ്ഞ ചെലവിൽ പരിരക്ഷിച്ചു വളർത്തുന്ന പ്രതിജ്ഞാബദ്ധത കേരളസർവകലാശാലയുടെ സാമൂഹ്യനീതിയുടെ അന്തസത്തയെയാണ് അടയാളം ചെയ്യുന്നത്. അടിസ്ഥാനസൗകര്യ വികസനത്തിലും അക്കാദമിക് മികവിലും മാതൃ സർവകലാശാല എന്ന നിലയിൽ പുതിയ ചുവടുവയ്പ്പുകളാണ് കേരളസർവകലാശാല നടത്തിക്കൊണ്ടിരിക്കുന്നത്. സർവകലാശാലയെ ഗ്ലോബൽ റാങ്കിങ്ങിൽ എത്തിക്കുകയെന്ന മഹാദൗത്യവുമായി ഒട്ടേറെ അക്കാദമിക പദ്ധതികളും ഭൗതിക വികസനവും സർവകലാശാലയുടെ കാര്യവട്ടം കാമ്പസിനെ കൂടുതൽ ശ്രദ്ധേയമാക്കുന്നു.

കേരളസർവകലാശാല എഡ്യൂക്കേഷൻ പഠന വിഭാഗത്തിന്റെ പുതിയ കെട്ടിടം, ഡെമോഗ്രഫി പഠന വിഭാഗത്തിന്റെ എക്സ്റ്റെൻഷൻ ബ്ലോക്ക്, ബയോകെമിസ്ട്രി പഠന വിഭാഗത്തിന്റെ പുതിയ ലബോറട്ടറി കെട്ടിടം എന്നിവയുടെ ഉദ്ഘാടനം 2024 ജനുവരി 24 ന് വൈകുന്നേരം 3.30 ന് കാര്യവട്ടം ക്യാമ്പസിൽ ബഹു.ഉന്നത വിദ്യാഭ്യാസ–സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു നിർവഹിക്കുന്നു. ശ്രീ.കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. മുഖ്യാതിഥിയായി പങ്കെടുക്കും. ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി കൺവീനർ അഡ്വ.ജി.മുരളീധരൻ സ്വാഗതം ആശംസിക്കുന്ന പ്രസ്തുത യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷത വഹിക്കും.

സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ.ആർ.രാജേഷ്, ഡോ.ഷിജുഖാൻ ജെ.എസ്., ഡോ.എസ്.ജയൻ, പ്രൊഫ.(ഡോ.) കെ.ജി.ഗോപ്ചന്ദ്രൻ, പ്രൊഫ.(ഡോ.) രാധാമണി പി.എം. എന്നിവർ പരിപാടിയിൽ പങ്കെടുത്ത് ആശംസയർപ്പിക്കും. രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ.എസ്.അനിൽകുമാർ നന്ദി പറയും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**